**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **27-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പ എടുക്കുന്നത് തടയാൻ ശ്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര വിഹിതം കുറച്ചതും പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയതിനെ തുടർന്ന് ഗാഡ്ഗിൽ ഫോർമുല പ്രകാരം ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് ഇല്ലാതായതും മൂലം വികസന പദ്ധതികൾക്ക് സംസ്ഥാനം അധിക തുക കണ്ടെത്തേണ്ടി വരുന്നത് സംസ്ഥാനത്തിന് മേൽ സൃഷ്ടിക്കുന്ന സാമ്പത്തിക ഭാരത്തിനിടയിൽ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ നീതി ആയോഗ് നടപ്പിലാക്കിയ മാറ്റം സംസ്ഥാനങ്ങൾക്ക് അധിക ബാധ്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്. 'കോർ ഓഫ് ദി കോർ' എന്നും 'കോർ' എന്നും രണ്ട് ഗണത്തിലാണ് ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിൽ 90% കേന്ദ്രവിഹിതം ലഭിക്കുന്ന ആദ്യത്തേതിൽ പദ്ധതികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. കോർ എന്ന രണ്ടാമത്തെ ഗണത്തിലാണ് പദ്ധതികളുടെ സിംഹഭാഗവും. ഈ പദ്ധതികളുടെ 40% സംസ്ഥാനം വഹിക്കണമെന്നതിനാൽ വലിയ ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സ്വന്തമായി ആസൂത്രണം ചെയ്യാനോ നിബന്ധനകളിൽ മാറ്റം വരുത്തുവാനോ സംസ്ഥാനങ്ങളെ അനുവദിക്കാറില്ല. കോർ എന്ന ഗണത്തിൽ ഇപ്പോഴുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 ൽ നിന്ന് 75:35 ആക്കണമെന്ന് സംസ്ഥാനം നിരന്തരം കേന്ദ്രത്തോട് അഭ്യർത്ഥിക്കാറുണ്ടെങ്കിലും ഇതിൽ അനുകൂല നിലപാട് കേന്ദ്രത്തിൽ നിന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുറക്കുന്ന തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉണ്ടാക്കേണ്ടത്. അപ്രകാരം അധികമായി കണ്ടെത്തുന്ന തുക കൂടി സംസ്ഥാനത്തിന് വികസനക്ഷേമ പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കാൻ കഴിയും.<br><br>ഇതിന് പുറമെ സംസ്ഥാനത്തിന് അനുവദിച്ചു വരുന്ന കേന്ദ്ര വിഹിതത്തിലും തുടർച്ചയായി കുറവ് രേഖപ്പെടുത്തുന്നു. സംസ്ഥാനങ്ങൾക്കിടയിൽ വീതം വയ്ക്കാനുള്ള കേന്ദ്രനികുതി വിഹിതം (ഡിവിസിബിൾ |

| | | | |
|---|---|---|---|
| | | | പൂൾ) പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 3.87 ശതമാനമായിരുന്നത് ചുരുങ്ങി വരികയും പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ 2.5 ശതമാനവും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ ഈ കാലയളവിൽ 1.925 ശതമാനവുമായി കുറച്ച നടപടി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തി. കേന്ദ്ര സർക്കാർ സെസ്സിലും സർചാർജ് ഇനത്തിലും കൂടി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നതേയില്ല. ഇപ്രകാരം കേന്ദ്രം പിരിച്ചെടുക്കുന്ന സെസും സർചാർജ്ജും നികുതിവിഹിതം പങ്കു വയ്ക്കുന്ന മാതൃകയിൽ ഓരോ സംസ്ഥാനത്തിനുമായി വീതിച്ചു നൽകേണ്ടതാണ്.<br><br>ഈ പ്രതിസന്ധികൾക്കിടയിലും നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, അനാവശ്യ ചെലവുകൾ ചുരുക്കിക്കൊണ്ടും പദ്ധതി നിർവ്വഹണത്തിനും പരമാവധി വിഭവങ്ങൾ സമാഹരിക്കാനുമുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തികൊണ്ടിരിക്കുന്നത്. |
| (ബി) | കിഫ്ബി വായ്പ എടുക്കുന്നത് തടയാൻ കേന്ദ്ര സർക്കാരും ചില ഏജൻസികളും ശ്രമം നടത്തുന്നുണ്ടോ; എങ്കിൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന കുതിപ്പിന് തടയിടുകയെന്ന ലക്ഷ്യത്തോടെയാണെന്ന് കരുതുന്നുണ്ടോ; | (ബി) | സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളിൽ സുപ്രധാനമായ പങ്കുവഹിച്ച ഒരു ധനകാര്യ സ്ഥാപനമാണ് കിഫ്ബി. കഴിഞ്ഞ 7 വർഷക്കാലയളവിൽ കിഫ്ബി പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ മേഖലയിൽ സംസ്ഥാനത്തിനുണ്ടായ മുന്നേറ്റം വളരെ പ്രകടമാണ്. എന്നാൽ മുൻകാലങ്ങളിലെന്നപോലെ ഈ വികസന പ്രവർത്തനങ്ങൾക്ക് തടസം സൃഷ്ടിക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാർ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നത്. സി ആന്റ് എജി, ആദായ നികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നിങ്ങനെ തങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളെയും നിയന്ത്രണ സംവിധാനങ്ങളെയും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നു. കേന്ദ്ര ധനകാര്യ വകുപ്പും റിസർവ്വ് ബാങ്കും പ്രത്യക്ഷമായും പരോക്ഷമായും പല നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനെ തന്നെ വെല്ലുവിളിക്കുന്നതാണ് ഈ നടപടികൾ. ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ലഭിചിട്ടുള്ള അധികാരങ്ങളും അവകാശങ്ങളും കവർന്നെടുത്ത് ഭരണപരവും സാമ്പത്തികവുമായ അനിശ്ചിതാവസ്ഥ സൃഷ്ടിക്കുവാനും അതുവഴി സംസ്ഥാനങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുമാകണം ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത് എന്ന് അനുമാനിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് വായ്പയെടുക്കുന്നതിൽ വിലക്കില്ലാതിരിക്കുമ്പോൾ കിഫ്ബിയെ നിയമവിരുദ്ധമായി തകർക്കാൻ ശ്രമിക്കുന്ന നീക്കത്തെ നിയമപരമായി നേരിടുന്ന കാര്യം പരിശോധിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | കിഫ്ബിയും മറ്റ് സർക്കാർ ഏജൻസികളും സർക്കാർ ഗ്യാരന്റിയിൽ ലഭ്യമാക്കുന്ന വായ്പകൾ കൂടെ സർക്കാരിന്റെ വായ്പ പരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതവും മറ്റ് കേന്ദ്ര വിഹിതവും വെട്ടിക്കുറച്ചതും വയ്കിപ്പിക്കുന്നതും എല്ലാം നിക്ഷിപ്ത താല്പര്യങ്ങൾക്കായിട്ടാണ് എന്ന് കരുതാതെ വയ്യ. ഇവയെല്ലാം തന്നെ ഭരണഘടന തത്വങ്ങളോടുള്ള വെല്ലുവിളിയാണ്.<br><br>എന്നാൽ കേന്ദ്ര സർക്കാരിന്റെ ഇത്തരത്തിലുള്ള രാഷ്ട്രീയലക്ഷ്യങ്ങൾക്ക് വിധേയപ്പെടുവാൻ സർക്കാർ ഒരുക്കമല്ല. രാജ്യത്തെ ഭരണഘടനയും നിയമ വ്യവസ്ഥകളും നൽകുന്ന എല്ലാ അധികാരങ്ങളും അവകാശങ്ങളും ഉപയോഗപ്പെടുത്തി ഇതിനെ മറികടക്കാനാകും എന്ന ശുഭാപ്തി വിശ്വാസം സർക്കാരിനുണ്ട്. നിലവിൽ കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകളിലെ നിയമപ്രശ്നങ്ങളും ഭരണഘടന ലംഘനങ്ങളും ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ ഈ നിയമപ്രശ്നങ്ങളെല്ലാം വിശദമാക്കുന്ന ഒരു മെമ്മോറാണ്ടം മന്ത്രിസഭയുടെ അംഗീകാരത്തോടെ ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ചിട്ടുണ്ട്. ഈ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന് അനുകൂലമായ നിലപാടുകൾ എടുക്കേണ്ടിവരും എന്നുതന്നെയാണ് സർക്കാർ കരുതുന്നത്. |

സെക്ഷൻ ഓഫീസർ